നം.വൈ2/79228/13/ഡി.പി.ഐ.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി:23-11-2013

പൊതുവിദ്യാഭ്യാസ ഡയറക്ടർ.

വിദ്യാഭ്യാസ ഉപഡയറക്ടർ,

സർ

**വിഷയം**:-പൊ.വി.-2013-14 വർഷത്തെ ദേശീയ അധ്യാപക അവാർഡ് പാനൽ സമർപ്പിക്കുന്നത്-- സംബന്ധിച്ച്--
**സൂചന**:- സർക്കാർ.കത്ത്.നം.ആർ.2/60008/2013, തീയതി:29/10/2013 ലെ കത്ത്.

***********

2013-14 വർഷത്തെ ദേശീയ അധ്യാപക അവാർഡിന് യോഗ്യരായ അധ്യാപകരുടെ ഒരു പാനൽ സമർപ്പിക്കാൻ കേന്ദ്ര മാനവശേഷി വികസന വകുപ്പ് ആവശ്യപ്പെട്ടിരിക്കുകയാണ്. താങ്കളുടെ അധികാര പരിധിയിൽ വരുന്ന ഗവൺമെന്റ്/എയ്ഡഡ്/സ്പെഷ്യൽ സ്കൂളുകളിലെ അർഹതയുള്ള അധ്യാപകരുടെ ഒരു പാനൽ **15/12/2013** ന് മുമ്പായി ഈ ഓഫീസിലെ പബ്ലിക് റിലേഷൻസ് ഓഫീസറുടെ പേർക്ക് എത്തിക്കേണ്ടതാണ്.

ഇതിലേയ്ക്കായി കേന്ദ്ര മാനവശേഷി വികസന വകുപ്പ് ലഭ്യമാക്കിയിട്ടുള്ള മാർഗ്ഗരേഖയും മാതൃകാ ഫാറവും ഇതോടൊപ്പം അയക്കുന്നു. അധ്യാപകർക്ക് നൽകുന്ന ഏറ്റവും വിശിഷ്ടമായ ഈ അവാർഡിന് പ്രൊപ്പോസലുകൾ തയ്യാറാക്കുമ്പോൾ താഴെ-പ്പറയുന്ന നിർദ്ദേശങ്ങൾ കൂടി നിർബന്ധമായും പ്രവാർത്തികമാക്കേണ്ടതാണ്.

1. പ്രൈമറി, സെക്കണ്ടറി വിഭാഗങ്ങളിൽ നിന്ന് ഏറ്റവും കുറഞ്ഞത് 4 വീതവും സ്പെഷ്യൽ വിഭാഗത്തിലേയ്ക്ക് 2 ഉം പ്രൊപ്പോസലുകൾ ഉണ്ടായിരിക്കേണ്ടതാണ്. സ്പെഷ്യൽ വിഭാഗം നിർദ്ദേശം 17 ൽ പ്രതിപാദിക്കുന്നത് ശ്രദ്ധിക്കുക.
2. ഓരോ പ്രൊപ്പോസലിന്റെയും 3 കോപ്പികൾ വീതം ലഭ്യമാക്കേണ്ടതാണ്.
3. ഒരു ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ 3 മാസത്തിനുള്ളിൽ എടുത്ത പാസ്പോർട്ട് സൈസ് ഫോട്ടോയും അതിൻെറ നെഗറ്റീവും പ്രത്യേകം അപേക്ഷയോടൊപ്പം വയ്ക്കേണ്ടതാണ്. കവറിൽ പൂർണ്ണമായ മേൽവിലാസം ഉണ്ടായിരിക്കേണ്ടതാണ്.

4. അദ്ധ്യാപിക-അദ്ധ്യാപക തുല്യ പ്രാതിനിധ്യം ഉണ്ടായിരിക്കണം.

5. ആരോപണ വിധേയരായിട്ടുള്ളവരെ കർശനമായും ഒഴിവാക്കേണ്ടതാണ്.

6. സർവ്വീസ് വിവരങ്ങൾ (ക്രമം നം.13) കാണിക്കേണ്ട കോളത്തിൽ പ്രവർത്തി എടുത്ത എല്ലാ സ്കൂളിന്റെയും പേരും പ്രവർത്തിയെടുത്ത കാലയളവും ഏതു ദിവസം മുതൽ ഏത് ദിവസം വരെയെന്ന് വ്യക്തമായി കാണിക്കേണ്ടതാണ്.

7. സർവ്വീസ് കാലാവധിക്ക് സ്ഥിരം സർവ്വീസ് കാലമാണ് കാണിക്കേണ്ടത്. എന്നാൽ താൽക്കാലിക സർവ്വീസുകൂടി കാണിക്കുകയാണെങ്കിൽ പ്രസ്തുത സർവ്വീസ് ഏതു വിഭാഗത്തിൽപ്പെടുന്നതാണെന്നും ഇതിന്റെ പൂർണ്ണമായ കാലയളവും പിരിഞ്ഞുപോകാനുണ്ടായ കാരണവും കാണിക്കേണ്ടതാണ്. ഇതിനായി പ്രത്യേകം പ്രൊഫോർമ വയ്ക്കേണ്ടതാണ്. സർവ്വീസ് ബ്രേക്കുണ്ടെങ്കിൽ കാരണം കാണിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

8. അദ്ധ്യാപക-അദ്ധ്യാപകേതര സർവ്വീസുകൾ പ്രത്യേകം കാണിക്കേണ്ടതാണ്.

9. അപേക്ഷയോടൊപ്പം അപ്രധാന കാര്യങ്ങളുടെ ഫോട്ടോകളും പകർപ്പുകളും കഴിവതും ഒഴിവാക്കേണ്ടതാണ്.

10. സ്പെഷ്യൽ കാറ്റഗറിയിലെ പ്രൊപ്പോസലുകൾ തരുന്നതിന് പ്രത്യേകം താൽപര്യം എടുക്കേണ്ടതാണ്.

11. ഒരു കാറ്റഗറിയിൽ ഒരു നോമിനേഷൻ മാത്രം അയക്കുന്ന സാഹചര്യം പൂർണ്ണമായും ഒഴിവാക്കേണ്ടതാണ്. യോഗം കൂടി ദേശീയ അധ്യാപക അവാർഡ് ഒരു പ്രത്യേക അജണ്ടയിൽ ചർച്ച ചെയ്യേണ്ടതാണ്.

12. ഓരോ പ്രൊപ്പോസലും ജില്ലാ സെലക്ഷൻ കമ്മിറ്റിയിലെ എല്ലാ അംഗങ്ങളുടെയും ഒപ്പും മേൽവിലാസവും ഉണ്ടായിരിക്കേണ്ടതും ജില്ലാ സെലക്ഷൻ കമ്മിറ്റി മീറ്റിംഗിന്റെ മിനിറ്റ്സും ഉണ്ടായിരിക്കേണ്ടതാണ്.

13. ദേശീയ അവാർഡിന്റെ പ്രാധാന്യം കണക്കിലെടുത്ത് പ്രൊപ്പോസലുകൾ അയക്കുമ്പോൾ മാതൃകാ ഫോറത്തിൻെറ പകർപ്പു മാത്രം പൂരിപ്പിച്ച് അയക്കുന്ന പ്രവണത പൂർണ്ണമായും ഒഴിവാക്കേണ്ടതാണ്.

14. പ്രൊപ്പോസലുകൾ ഇംഗ്ലീഷിൽ തയ്യാറാക്കണം. എല്ലാ കോളങ്ങളും പൂർണ്ണമായും വ്യക്തമായും പൂരിപ്പിക്കേണ്ടതാണ്.

15. പ്രൊപ്പോസലിനോടൊപ്പം ഓരോ അദ്ധ്യാപകന്റെയും സ്വഭാവം (ക്ലിയർ റെക്കോർഡ്സ്) അയാൾക്കെതിരെ നിയമ നടപടികൾ ഒന്നും ഇല്ല എന്നുള്ള വിദ്യാഭ്യാസ ഡപ്യൂട്ടി ഡയറക്ടറുടെ സർട്ടിഫിക്കറ്റുകൾ വയ്ക്കേണ്ടതാണ്.

16. എല്ലാ ജില്ലകളിലും അവാർഡിന് അർഹതയുള്ള ധാരാളം അദ്ധ്യാപകർ ഉണ്ടെങ്കിലും ഏറ്റവും അർഹതയുള്ളവരെ കണ്ടെത്തി പാനൽ തയ്യാറാക്കേണ്ടത് വിദ്യാഭ്യാസ ഉപഡയറക്ടർമാരുടെ ചുമതലയാണ്. അവാർഡിനായി അദ്ധ്യാപകരിൽ നിന്നും അപേക്ഷ സ്വീകരിക്കുവാൻ പാടില്ല.

17. പാരമ്പര്യമായ രീതിയിൽ പ്രവർത്തിക്കുന്ന സംസ്കൃത/അറബിക് സ്കൂളിലെ അദ്ധ്യാപകർക്ക് പ്രത്യേക അവാർഡുകൾ നൽകുന്നുണ്ട്. ഇത്തരം പ്രൊപ്പോസലുകൾ മുൻകാലങ്ങളിൽ ജില്ലകളിൽ നിന്നും ലഭ്യമാകാത്തതിനാൽ ആ അവാർഡുകൾ നഷ്ട മായിട്ടുണ്ട്. അതുകൊണ്ട് അത്തരത്തിലുള്ള പ്രൊപ്പോസലുകൾ തരുന്നതിന് പ്രത്യേകം താൽപര്യമെടുക്കേണ്ടതാണ്.

18. പാനലുകൾ തയ്യാറാക്കുന്നതിന് മുമ്പ് ഡപ്യൂട്ടി ഡയറക്ടർമാർ ജില്ലയിലെ ജില്ലാ വിദ്യാഭ്യാസ ആഫീസർമാരുടെയും ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാരുടെയും ഒരു യോഗം കൂടി ദേശീയ അദ്ധ്യാപക-അവാർഡ് ഒരു പ്രത്യേക അജണ്ടയിൽ ചർച്ച ചെയ്യേണ്ടതാണ്.

19. അസി. എഡ്യൂക്കേഷണൽ ഓഫീസർ, ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരിൽ നിന്നും കാലേ കൂട്ടി പ്രൊപ്പോസലുകൾ വാങ്ങുക. ആ അധ്യാപകരുടെ സർവ്വീസ് റെക്കോർഡ്, പൊതുപ്രവർത്തന ക്ലാസ്റൂം പ്രവർത്തനങ്ങൾ മുതലായവയെക്കുറിച്ച് സ്വന്തം നിലയിൽ ഒരു അന്വേഷണം നടത്തേണ്ടതും അയോഗ്യരായ ഏതെങ്കിലും അധ്യാപകർ പാനലിൽ ഉണ്ടെങ്കിൽ അവ ഒഴിവാക്കി പകരം ആളിനെ കണ്ടെത്തേണ്ടതുമാണ്.

20. ജില്ലാതല കമ്മിറ്റി കൂടുന്നതിന് മുമ്പ് ലഭിച്ച പ്രൊപ്പോസലുകൾ യോഗ്യരായ അധ്യാപകരുടേതാണെന്നും അവാർഡിന് അർഹരായ ഒരദ്ധ്യാപകരേയും ഒഴിവാക്കപ്പെട്ടില്ല എന്നും ഉറപ്പാക്കേണ്ടതാണ്.

21. നിശ്ചിത തീയതിക്കുശേഷം അസി. എഡ്യൂക്കേഷണൽ ഓഫീസർ/ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ തരുന്ന പ്രൊപ്പോസലുകൾ യാതൊരു കാരണവശാലും ഉൾപ്പെടുത്തരുത്.

22. മുൻവർഷങ്ങളിൽ നിർദ്ദേശിച്ച എണ്ണം പ്രൊപ്പോസലുകൾ ലഭ്യമാക്കുന്നതിനും വനിതാ പ്രാതിനിധ്യത്തിലും സ്പെഷ്യൽ കാറ്റഗറി വിഭാഗത്തിലും നോമിനേഷൻ തരുന്നതിനും വീഴ്ചവരുത്തുകയുണ്ടായി. അതിനാൽ മേൽ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിച്ച് യഥാസമയം പാനലുകൾ ലഭ്യമാക്കുവാൻ താൽപര്യപ്പെടുന്നു.

23. 2013-14 വർഷത്തിൽ സംസ്ഥാന അവാർഡ് നേടിയ അധ്യാപകരേയും നാഷണൽ അവാർഡിനായി പരിഗണിക്കാവുന്നതാണ്.

24. **അവാർഡിനായി ശുപാർശ ചെയ്യുന്ന അദ്ധ്യാപക/അദ്ധ്യാപികമാരുടെ ഒരു ലഘു വിവരണം 5 വാചകത്തിൽ കുറയാതെ ഇംഗ്ലീഷിൽ തയ്യാറാക്കി അതാത് അപേക്ഷയോടൊപ്പം നിർബന്ധമായും സമർപ്പിക്കേണ്ടതാണ്.**

25. നാഷണൽ അവാർഡ് സെലക്ഷൻ സംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ ഗൈഡ്ലൈനിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ,

**പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി.**